**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2955** **24-02-2026 - ൽ മറുപടിയ്ക്ക്**

**യുവാക്കളുടെയും കുട്ടികളുടെയും ആത്മഹത്യാ പ്രവണത തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ യുവാക്കളിലും കുട്ടികളിലും ആത്മഹത്യാ പ്രവണത വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന സംസ്ഥാനത്തെ യുവാക്കൾക്ക് സ്കൂളുകൾ, കോളേജുകൾ എന്നിവിട ങ്ങളിൽ ആത്മഹത്യയ്ക്കെതിരായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>കുട്ടികളുടെ ആത്മഹത്യാ പ്രവണത കുറയ്ക്കുന്നതിനും അവരുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഹെൽത്തി കിഡ്സ് എന്ന പദ്ധതി യുവജന കാര്യാലയം മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഹെൽത്തി കിഡ്സ് പദ്ധതി**<br><br>കായിക വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതി സ്കൂൾ കുട്ടികളിലെ ആരോഗ്യകരമായ ജീവിതരീതിയും ശാരീരികക്ഷമതയും വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്ന ഒരു പ്രധാന സർക്കാർ പദ്ധതിയാണ്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷൻ ആണ് പദ്ധതിയുടെ മുഖ്യ നടത്തിപ്പ് ഏജൻസി. ഈ പദ്ധതിയുടെ ടെക്നിക്കൽ പാർട്ട്ണറായി നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ (NGGFn) പ്രവർത്തിക്കുന്നുണ്ട്.<br><br>"ഹെൽത്തി കിഡ്സ് പദ്ധതി കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി വളർത്തുന്നതിനും, ശരിയായ ആഹാര ശീലങ്ങൾ, വ്യായാമ രീതി, ശാരീരിക ബല വികാസം എന്നിവ രൂപപ്പെടുത്തു ന്നതിനും ലക്ഷ്യമിടുന്നു. ദിവസേനയുള്ള വ്യായാമവും കായിക പ്രവർത്തനങ്ങളും വഴി വിദ്യാർത്ഥികളിൽ ആത്മ വിശ്വാസം,ശ്രദ്ധ, മനോവൈകാരിക നിയന്ത്രണം എന്നിവ വളർത്തിയെടു ക്കാനും, ഇവയിലൂടെ ശാരീരിക ക്ഷമതയും മാനസിക |

| | | | |
|---|---|---|---|
| | | | സമാധാനവും ഉറപ്പാക്കാനും പദ്ധതിക്ക് കഴിയുന്നു. കൂടാതെ, ടീം വർക്ക്, അനുസരണം, സഹകരണ മനോഭാവം ,സാമൂഹിക ഉത്തരവാദിത്വം തുടങ്ങിയ പോസിറ്റിവ് പെരുമാറ്റ വികസനത്തിനും ഇത് സഹായിക്കുന്നു.ആരോഗ്യകരമായ ശരീരം പഠന ഫലങ്ങൾ നിർണായക മായതിനാൽ പഠനക്ഷമതയിലും പദ്ധതി പുരോഗതിയുണ്ടാക്കും. കുട്ടികളെ മെച്ചപ്പെടുത്തുന്നതു വഴി കുടുംബത്തിലും സമൂഹത്തിലും ദീർഘകാല ആരോഗ്യ ബോധം പ്രചരിക്കുന്നു എന്നത് പദ്ധതിയുടെ ഒരു പ്രധാന നേട്ടമാണ്.<br><br>പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തന്നെ 55 സ്കൂളുകളിൽ മികച്ച ഫലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കുട്ടികളുടെ വികാസം മാത്രമല്ല ആരോഗ്യകരമായ ഒരു സമൂഹ നിർമ്മാണവുമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. നിലവിൽ കേരളത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇത് കുറച്ചു കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന സംസ്ഥാനത്തെ യുവാക്കൾക്ക് സ്കൂളുകൾ, കോളേജുകൾ എന്നിവിട ങ്ങളിൽ ആത്മഹത്യയ്ക്കെതിരായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>കുട്ടികളുടെ ആത്മഹത്യാ പ്രവണത കുറയ്ക്കുന്നതിനും അവരുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഹെൽത്തി കിഡ്സ് എന്ന പദ്ധതി യുവജന കാര്യാലയം മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഹെൽത്തി കിഡ്സ് പദ്ധതി**<br><br>കായിക വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതി സ്കൂൾ കുട്ടികളിലെ ആരോഗ്യകരമായ ജീവിതരീതിയും ശാരീരികക്ഷമതയും വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്ന ഒരു പ്രധാന സർക്കാർ പദ്ധതിയാണ്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷൻ ആണ് പദ്ധതിയുടെ മുഖ്യ നടത്തിപ്പ് ഏജൻസി. ഈ പദ്ധതിയുടെ ടെക്നിക്കൽ പാർട്ണറായി നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ (NGGFn) പ്രവർത്തിക്കുന്നുണ്ട്.<br><br>"ഹെൽത്തി കിഡ്സ് പദ്ധതി കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി വളർത്തുന്നതിനും, ശരിയായ ആഹാര ശീലങ്ങൾ, വ്യായാമ രീതി, |

| | | | |
|---|---|---|---|
| | | | ശാരീരിക ബല വികാസം എന്നിവ രൂപപ്പെടുത്തു ന്നതിനും ലക്ഷ്യമിടുന്നു. ദിവസേനയുള്ള വ്യായാമവും കായിക പ്രവർത്തനങ്ങളും വഴി വിദ്യാർത്ഥികളിൽ ആത്മ വിശ്വാസം,ശ്രദ്ധ, മനോവൈകാരിക നിയന്ത്രണം എന്നിവ വളർത്തിയെടു ക്കാനും, ഇവയിലൂടെ ശാരീരിക ക്ഷമതയും മാനസിക സമാധാനവും ഉറപ്പാക്കാനും പദ്ധതിക്ക് കഴിയുന്നു. കൂടാതെ, ടീം വർക്ക്, അനുസരണം, സഹകരണ മനോഭാവം ,സാമൂഹിക ഉത്തരവാദിത്വം തുടങ്ങിയ പോസിറ്റിവ് പെരുമാറ്റ വികസനത്തിനും ഇത് സഹായിക്കുന്നു.ആരോഗ്യകരമായ ശരീരം പഠന ഫലങ്ങൾ നിർണായക മായതിനാൽ പഠനക്ഷമതയിലും പദ്ധതി പുരോഗതിയുണ്ടാക്കും. കുട്ടികളെ മെച്ചപ്പെടുത്തുന്നതു വഴി കുടുംബത്തിലും സമൂഹത്തിലും ദീർഘകാല ആരോഗ്യ ബോധം പ്രചരിക്കുന്നു എന്നത് പദ്ധതിയുടെ ഒരു പ്രധാന നേട്ടമാണ്.<br><br>പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തന്നെ 55 സ്കൂളുകളിൽ മികച്ച ഫലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കുട്ടികളുടെ വികാസം മാത്രമല്ല ആരോഗ്യകരമായ ഒരു സമൂഹ നിർമ്മാണവുമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. നിലവിൽ കേരളത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇത് പരിഹരിക്കുന്നതിനായി കേരളത്തിലെ യുവാക്കളുടെയും കുട്ടികളുടെയും മാനസികശേഷി വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന സംസ്ഥാനത്തെ യുവാക്കൾക്ക് സ്കൂളുകൾ, കോളേജുകൾ എന്നിവിട ങ്ങളിൽ ആത്മഹത്യക്കെതിരായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>കുട്ടികളുടെ ആത്മഹത്യാ പ്രവണത കുറയ്ക്കുന്നതിനും അവരുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഹെൽത്തി കിഡ്സ് എന്ന പദ്ധതി യുവജന കാര്യാലയം മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഹെൽത്തി കിഡ്സ് പദ്ധതി**<br><br>കായിക വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതി സ്കൂൾ കുട്ടികളിലെ ആരോഗ്യകരമായ ജീവിതരീതിയും ശാരീരികക്ഷമതയും വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്ന ഒരു പ്രധാന സർക്കാർ പദ്ധതിയാണ്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷൻ ആണ് പദ്ധതിയുടെ മുഖ്യ നടത്തിപ്പ് ഏജൻസി. ഈ പദ്ധതിയുടെ |

| | | | | |
|---|---|---|---|---|
| | | | | ടെക്നിക്കൽ പാർട്ട്ണറായി നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ (NGGFn) പ്രവർത്തിക്കുന്നുണ്ട്.<br><br>"ഹെൽത്തി കിഡ്സ് പദ്ധതി കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി വളർത്തുന്നതിനും, ശരിയായ ആഹാര ശീലങ്ങൾ, വ്യായാമ രീതി, ശാരീരിക ബല വികാസം എന്നിവ രൂപപ്പെടുത്തു ന്നതിനും ലക്ഷ്യമിടുന്നു. ദിവസേനയുള്ള വ്യായാമവും കായിക പ്രവർത്തനങ്ങളും വഴി വിദ്യാർത്ഥികളിൽ ആത്മ വിശ്വാസം,ശ്രദ്ധ, മനോവൈകാരിക നിയന്ത്രണം എന്നിവ വളർത്തിയെടു ക്കാനും, ഇവയിലൂടെ ശാരീരിക ക്ഷമതയും മാനസിക സമാധാനവും ഉറപ്പാക്കാനും പദ്ധതിക്ക് കഴിയുന്നു. കൂടാതെ, ടീം വർക്ക്, അനുസരണം, സഹകരണ മനോഭാവം ,സാമൂഹിക ഉത്തരവാദിത്വം തുടങ്ങിയ പോസിറ്റീവ് പെരുമാറ്റ വികസനത്തിനും ഇത് സഹായിക്കുന്നു.ആരോഗ്യകരമായ ശരീരം പഠന ഫലങ്ങൾ നിർണായക മായതിനാൽ പഠനക്ഷമതയിലും പദ്ധതി പുരോഗതിയുണ്ടാക്കും. കുട്ടികളെ മെച്ചപ്പെടുത്തുന്നതു വഴി കുടുംബത്തിലും സമൂഹത്തിലും ദീർഘകാല ആരോഗ്യ ബോധം പ്രചരിക്കുന്നു എന്നത് പദ്ധതിയുടെ ഒരു പ്രധാന നേട്ടമാണ്.<br><br>പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തന്നെ 55 സ്കൂളുകളിൽ മികച്ച ഫലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കുട്ടികളുടെ വികാസം മാത്രമല്ല ആരോഗ്യകരമായ ഒരു സമൂഹ നിർമ്മാണവുമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. നിലവിൽ കേരളത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ